## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

ആടിന്റെ രോമങ്ങൾ കൂടുതൽ വളർന്നു കിടക്കുന്നത് അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിലുണ്ടാകുന്ന സ്വാർത്ഥപരമായ ജീവിതത്തെയാണ് തിരുവെഴുത്തിൽ രോമം സൂചിപ്പിക്കുന്നത്. ആന്തരികമായുണ്ടാകുന്ന വികാരവിചാരങ്ങളുടെയും മനോഭാവങ്ങളുടെയും ബാഹ്യമായ പ്രകടനമാണത്. നാം നമുക്ക് ചുററുമുള്ള ലോകത്തോട് ബന്ധം പുലർത്തുന്ന മാധ്യമവും അതുതന്നെയാണ്. അങ്ങനെയാകുമ്പോൾ ലോകത്തിന്റേതായ ചില ചെളികളും അഴുക്കുകളും അതിൽ പററിപിടിച്ചിരിക്കുവാൻ ഇടയാകുന്നു. തൻനിമിത്തം പുറമേ ഭാരം വർദ്ധിക്കുന്നു. സുഖത്തിനുവേണ്ടിയെന്നു കരുതിയിരുന്ന രോമം ഇപ്പോൾ ഒരു ഭാരമായി പരിണമിച്ചിരിക്കുന്നു. ഭാരം വർദ്ധിക്കുന്തോറും മുന്നോട്ടുള്ള പ്രയാണത്തിന്റെ വേഗത സ്വാഭാവികമായി തന്നെ കുറയുകയും ഇടയ്ക്കു വീണു പോകുവാൻ ഇടയാകുകയും ചെയ്യുന്നു. ആകയാൽ നാമും….സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക എന്ന് എബ്രായർ ലേഖനത്തിൽ കാണുന്നു. സ്ഥിരതയോടെ ഓടണമെങ്കിൽ എല്ലാ ഭാരവും മുറുകെ പററുന്ന പാപവും വിട്ടിരിക്കേണ്ടതാണ്. ആടുകളുടെ രോമങ്ങളിൽ മാലിന്യങ്ങൾ പററി ഭാരം വർദ്ധിക്കുന്ന പ്രകാരം, വിശ്വാസികളുടെ ജീവിതത്തിൽ പ്രാകൃത സ്വഭാവങ്ങളും ലോകഇമ്പങ്ങളും കടന്നു കൂടുമ്പോൾ അതോടൊപ്പം ചില പാപങ്ങളും ലോകചാരങ്ങളും പററിപിടിച്ച് ഭാരം വർദ്ധിക്കുകയും അത് അവരുടെ ഓട്ടത്തിന്റെ സ്ഥിരതയെ ബാധിക്കുകയും ചെയ്യുന്നു. സ്ഥിരമായി ഓടുവാൻ കഴിയാതെ എത്രയോ വിശ്വാസികളാണ് ഇന്ന് ഇടയ്ക്കു വീണു കിടക്കുന്നത്. ബാഹ്യമായുണ്ടാകുന്ന അനുഗ്രഹങ്ങൾ, ദൈവാനുഗ്രഹത്തിന്റെയും ആത്മീയത്തിന്റെയും വർദ്ധനയാണെന്ന് ധരിക്കുന്നവരുണ്ട്. അത് ശരിയല്ലെന്നു മാത്രമല്ല പലപ്പോഴും യാഥാർത്ഥ്യം നേരെ മറിച്ചുമായിരിക്കും. താൻ സ്നേഹിക്കുന്നവനെ ദൈവം ശിക്ഷിക്കുന്നു എന്നു വചനം പറയുന്നു. അതിനെ ബാലശിക്ഷയെന്നാണ് വചനം വിശേഷിപ്പിക്കുന്നത്. നശിപ്പിക്കുവാനല്ല, നന്നാക്കുവാനുള്ളതാണ് ബാലശിക്ഷ. അപ്പോൾ തന്നെ, നമുക്ക് സഹിക്കാവുന്നതിനു മീതെ അവൻ നമ്മെ പരീക്ഷിക്കയുമില്ല. പരീക്ഷിക്കുന്നതോ നമ്മുടെ നന്മയ്ക്കും. നാം വഴിയിൽ വീണുപോകുവാനുള്ള സാധ്യത ഒഴിവാക്കുവാൻ ശ്രമിക്കുന്നതിനോടൊപ്പം വീണുപോയാലുടനെ അവിടെ എത്തി നമ്മെ എഴുന്നേൽപ്പിക്കുവാനും നമ്മുടെ ഇടയൻ ശ്രമിക്കുന്നു. അങ്ങനെ അവൻ നമ്മുടെ പ്രാണനെ തണുപ്പിക്കുന്നു. ആകയാൽ ധൈര്യപ്പെടുക, വിശ്വാസിക്കുക, ദൈവത്തിൽ പ്രത്യാശ വയ്ക്കുക, എഴുന്നേൽക്കുക, ദൈവത്തെ സ്തുതിക്കുക.

തുടരും…